'ഭൂഗർഭ ജലത്തിന്റെ അളവ് നിലനിർത്തുവാനും മലിനമാകാതിരിക്കുവാനും ഉള്ള നടപടി'

78 [3942] *ശ്രീ. കെ. പി. മോഹനൻ:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, *സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂഗർഭ ജലത്തിന്റെ അളവ് കുറഞ്ഞുവരുന്നതായുള്ള കാര്യത്തിൽ സംസ്ഥാന ഭൂഗർഭ വകുപ്പ് ഏതെങ്കിലും രീതിയിലുള്ള പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനെക്കുറിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഭൂഗർഭ ജലത്തിന്റെ അളവ് ഇപ്പോഴുള്ളതുപോലെ നിലനിർത്തുവാനും മലിനമാകാതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ അളവിനെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും പഠനം (ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് 1997) നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഇവ അമിത ചൂഷണ ഭൂ വിഭാഗത്തിൽപ്പെടുന്നവയാണ്. കണ്ണൂർ ജില്ലയിലെ തലശ്ശേരി, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, അതിയന്നൂർ, കൊല്ലം ജില്ലയിലെ മുഖത്തല, അഞ്ചാലുംമൂട്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എന്നീ ബ്ലോക്കുകൾ ക്രിട്ടിക്കൽ ബ്ലോക്കിലും എറണാകുളം ജില്ലയിലെ പാമ്പാക്കുട, പറവൂർ, മുളന്തുരുത്തി തൃശ്ശൂർ ജില്ലയിലെ മാള, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, തിരുവനന്തപുരം ജില്ലയിലെ നേമം എന്നീ ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലുംപ്പെടുന്നു. ഇപ്പോൾ (2005-ൽ) ഈ കണക്കുകൾ പുനഃപരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) ഭൂജലം സംരക്ഷിക്കുന്നതിനുവേണ്ടിയും ഭൂജലത്തിന്റെ അളവ് ഇപ്പോഴുള്ളതുപോലെ നിലനിർത്തുവാനും വേണ്ടി ഭൂജല വകുപ്പു ഭൂഗർഭജല പരിരക്ഷയും, ആർട്ടിഫിഷ്യൽ റീചാർജിംഗും മഴവെള്ളസംഭരണവും എന്നീ രണ്ടു പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ ഭൂഗർഭ ജലം സംരക്ഷിക്കുന്നതിനും ജലത്തിന്റെ അമിതമായ ചൂഷണം ക്രമീകരിക്കുന്നതിനും വേണ്ടി 16-12-2003-ൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിൽ വരികയും അതു പ്രകാരമുള്ള ഭൂജല അതോറിറ്റി 15-1-2004-ൽ രൂപീകരിക്കുകയും ചെയ്തു. ഭൂജല വികസനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി ക്രമരഹിതമായി ഭൂജലം ചൂഷണം ചെയ്യുന്ന പ്രദേശങ്ങളിൽ വിജ്ഞാപനം ചെയ്യൽ, ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ, പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം എന്നിവയാണ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ. സംസ്ഥാനത്തെ ഭൂജല ഉപഭോക്താക്കളുടെ രജിസ്ട്രേഷനുള്ള നടപടി ക്രമങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജലത്തിന്റെ ഇപ്പോഴത്തെ സ്ഥിതി അതോറിറ്റി വിലയിരുത്തി വരികയാണ്. ഭൂജല ആക്ടിലെ വകുപ്പു 15 ഉപവകുപ്പു (1) ജെ പ്രകാരം മലിനജല നിർഗമന കുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്ന വിധം സ്ഥാപിക്കുന്നതും ഉപരിതല ജല സ്രോതസ്സുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ ഭൂജല സ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതു തടയുന്നതിന് നടപടി സ്വീകരിക്കുന്നതിനും ഭൂജല അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം

79 [3944] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള തുറമുഖങ്ങളുടെ വികസനത്തിനായി ശുചിത്വ പരിപാലന സംരക്ഷണ പദ്ധതി, നിലവിലുള്ള സൗകര്യങ്ങളെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മാപ്പിള ബേ, ചോമ്പാൽ, പുതിയാപ്പ, നീണ്ടകര എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചിത്വ നിലവാരം ഉയർത്തുന്നതിനായുള്ള 153. 45 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ബേപ്പൂർ, പുതിയാപ്പ, നീണ്ടകര ഹാർബറിന്റെ ശക്തികുളങ്ങര ഭാഗം എന്നിവയുടെ വികസനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതി രൂപരേഖയ്ക്ക് ASIDE പദ്ധതി പ്രകാരം അനുമതി ലഭ്യമാക്കുന്നതിനായി 3/2004-ൽ MPEDA മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട്. മുനമ്പം ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനായി ASIDE സ്കീമിൽനിന്നും 227 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly